നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2017 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2017 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് വിദ്യാർത്ഥികൾ ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **27.05.2017** മുതൽ **08.06.2017** വരെ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ സമർപ്പിക്കുവാനും, മാർക്കുകൾ വെബ് പേജിൽ തിരുത്തേണ്ടി വന്നവരും ചില ബോർഡുകളിൽ നിന്നുള്ള മാർക്ക് ഡാറ്റ വെബ് പേജിൽ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ വെബ് പേജിൽ രേഖപ്പെടുത്തേണ്ടി വന്നവരും സ്വയം സാക്ഷ്യപ്പെടുത്തിയ 'മാർക്ക് ഡാറ്റ ഷീറ്റ്' ന്റെ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷ (പ്ലസ് ടു) യുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും **09.06.2017** നു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം മാർക്കു വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ചവരുടെ മാർക്ക് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **2017 ജൂൺ** 11, 12, 13 **എന്നീ തീയതികളിൽ** ലഭ്യമാകും. അപേക്ഷാർത്ഥികൾ മേൽ വെബ്സൈറ്റിലെ **KEAM 2017 Candidate Portal** എന്ന ലിങ്ക് വഴി **ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി** അവരുടെ ഹോം പേജിൽ പ്രവേശിച്ച് '**Marks Verification**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മാർക്ക് വിവരങ്ങൾ, പഠിച്ച ബോർഡ്, പാസ്സായ വർഷം എന്നിവ പരിശോധിക്കേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഒരോന്നിനും നേരെയുള്ള '**No Change**' ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം '**Verified and Found Correct**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.

വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ളവരും, മാർക്ക് വിവരങ്ങൾ സമർപ്പിച്ചതിൽ അപാകതകൾ ഉള്ളവരും വെബ്സൈറ്റിൽ ലഭ്യമായ വിശദമായ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് തിരുത്തലുകൾ വരുത്തുന്നതിന്/അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ **14.06.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

മാർക്ക് സമർപ്പണത്തിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവയ്ക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
10.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**